ഖുത്ബ
**17.12.2004**
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# നബി(സ)യുടെ ഉദാത്തമായ മാതൃക വാഗ്ദത്ത മസീഹ്(അ)ലൂടെ പുനരുജ്ജനിക്കുന്നു.

لقد كان لكم في رسول الله أسوة حسنة لمن كان يرجو الله واليوم الآخر وذكر الله كثيرا

ഈ വചനത്തിന്റെ തർജമ: "നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്." (33:22)

ഹസ്റത്ത് ആയിശ(റ) ആരോ ചോദിച്ചപ്പോൾ മറുപടി പറഞ്ഞത്, നബി(സ) തിരുമേനിയുടെ ഉത്തമമായ സ്വഭാവങ്ങളെ സംബന്ധിച്ച് നിങ്ങൾ എന്നോട് ചോദിക്കുന്നു, ഈ ആകാശവും ഭൂമിയും സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിന്റെ സാക്ഷ്യം നിങ്ങൾക്കു മതിയായതല്ലേ. വിശുദ്ധഖുർആനിൽ *വ ഇന്നക്ക ലഅല ഖുലുഖിൻ അളിം* എന്ന് നിങ്ങൾ പാരായണം ചെയ്തിട്ടില്ലേ? ഏ റസൂൽ, തീർച്ചയായും നീ സൽസ്വഭാവങ്ങളുടെ ഉന്നതമായ സ്ഥാനത്താണുള്ളത്. ഏതെങ്കിലും കാര്യത്തിന്റെ ഉന്നതനിലയിലുള്ളവരാണ് മാതൃകയാകുന്നത്; ആരാണോ ഉന്നതമായ നിലനാട്ടിയിട്ടുള്ളത് അവർ. ഭൗതിക ലോകത്ത് ഒന്നോരണ്ടോ കാര്യങ്ങളിൽ ഉന്നതനില കരസ്ഥമാക്കിയാൽ അവരെ തെളിവെന്നോണം എടുത്തു പറയാറുണ്ട്. ആ നിലവാരവും അതിന്റെ പരമമായ നില പ്രാപിച്ചിരിക്കുന്നുവെന്ന് പറയാൻ പറ്റില്ല. നബി(സ) തിരുമേനിയെക്കുറിച്ച് അല്ലാഹു പറയുന്നത്, ഈ നബി എല്ലാ കാര്യത്തിലും ഉത്തമമായ മാതൃകയാണെന്നാണ്. അത് ഗൃഹസംബന്ധമായ കാര്യങ്ങളാകട്ടെ, സാമൂഹികമോ മതപരമോ ആയ കാര്യങ്ങളാകട്ടെ, ഉന്നതമായ ആത്മീയ കാര്യങ്ങളാകട്ടെ, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള കാര്യങ്ങളാകട്ടെ, അതിലെല്ലാം ഉത്തമമായ മാതൃക, ഈ ഒരു മാതൃക മാത്രമാണ്. അതുകൊണ്ട്, അല്ലാഹുവിന്റെ സത്തയിൽ ദൃഢവിശ്വാസമുള്ള ഓരോരുത്തരും, അവസാനം ഒരുനാൾ നിശ്ചയിച്ചിട്ടുണ്ടെന്നും അവിടെ കണക്കെടുപ്പ് നടക്കുമെന്നും വിശ്വസിക്കുന്ന ഓരോരുത്തരും അതിനുള്ള തയ്യാറെടുപ്പിനായി അധികമായി അല്ലാഹുവിനെ സ്മരിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നവരും നബി(സ) കാണിച്ചുതന്ന വഴിയിലൂടെ നടക്കേണ്ടതായി വരും. അപ്പോൾ അല്ലാഹു തആല നിങ്ങളുടെ പ്രാർത്ഥനകളിലേക്കും അവനെ സമീപിക്കണമെന്നുള്ള ആഗ്രഹങ്ങളിലേക്കും നോക്കുന്നതാണ്. അതുകൊണ്ട് ആ വഴികളും അന്വേഷിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ട നബി സഞ്ചരിക്കാറുണ്ടായിരുന്ന ആ വഴികൾ ഏതൊക്കെയായിരുന്നുവെന്ന് തേടിപ്പിടിക്കുക.

നബി(സ)യുടെ ഉന്നതമായ സ്ഥാനത്തെയും, അവിടന്ന് നിലനാട്ടിയ ഉന്നതമായ മാതൃകയെയും സമ്പൂർണ്ണമായ നിലയിൽ ഒരിക്കലും വിവരിക്കാൻ സാധ്യമല്ല. എന്നാൽ, ഈ മാതൃകകൾ അനുസരിച്ച് നടക്കുന്നതിന് കുറച്ച് ഉദാഹരണങ്ങൾ പൊതുവെ സമർപ്പിക്കാറുണ്ട്. അതിൽ ചിലത് ഇപ്പോൾ ഞാൻ എടുക്കുന്നതാണ്. പക്ഷെ, ഇതിലും ഒരു ധാർമ്മിക ഗുണത്തെക്കുറിച്ച് മാത്രമായിരിക്കും ഞാൻ പറയുക, അതായത് ബലഹീനരോടും നിരാശ്രയരോടും എങ്ങനെയാണ് നബി(സ) പെരുമാറിയിരുന്നത് എന്നതിനെക്കുറിച്ച്.

ഞാൻ പറഞ്ഞതുപോലെ നിവേദനങ്ങളിലൂടെ നമ്മൾ വരെ എത്തിയിട്ടുള്ള കാര്യങ്ങൾ, അത് കോടിയിൽ ഒരു ഭാഗം പോലും ഉണ്ടായിരിക്കുകയില്ല. എന്നിരുന്നാലും ചില നിവേദനങ്ങൾ ഞാൻ പറയാം. അതിനുമുമ്പേ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണിയാണ് കേൾപ്പിക്കുന്നത്. ഏറ്റവുമധികം നബി(സ)യുടെ പദവിയെ മനസ്സിലാക്കിയത് ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ്. അവിടന്ന് പറയുന്നു: "തന്റെ വ്യക്തിത്വവും സവിശേഷമായ ഗുണങ്ങളും കർമ്മങ്ങളും പ്രവർത്തനങ്ങളും ആത്മീയവും പരിശുദ്ധവുമായ കഴിവുകളുടെ ശക്തമായ മാർഗ്ഗങ്ങളും കൊണ്ട്, തികച്ചും പരിപൂർണ്ണമായ മാതൃക, അറിവിനാലും പ്രവർത്തനത്താലും സത്യസന്ധതയാലും ദൃഢനിശ്ചയത്താലും കാണിച്ച ആ മനുഷ്യനാണ് തികവാർന്ന മനുഷ്യൻ എന്നു പറയപ്പെട്ടത്. ഹസ്റത്ത് ഖാത്തമുൽ അമ്പിയായും ഇമാമുൽ അസ്ഫിയായും ഖത്തമുൽ മുർസലീനും ഫഖറുന്നബിയ്യീനുമായ ആ അനുഗൃഹീതനബി ജനാബ് മുഹമ്മദ് മുസ്തഫ(സ) ആകുന്നു. അല്ലാഹുവേ! ആ പ്രിയങ്കരനായ നബിയുടെ മേൽ, ലോകാരംഭം മുതൽ ഇന്നുവരെ ആരുടെ മേലും ചൊരിഞ്ഞിട്ടില്ലാത്ത കാരുണ്യം നീ ചൊരിയേണമേ."

ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ. എത്രമാത്രം മനോഹരമായ നിലയിലാണ് തന്റെ യജമാനരുടെ സവിശേഷമായ ഗുണങ്ങൾ വിവരിച്ചിരിക്കുന്നത്. ഇത് വായിച്ചിട്ടും, ഹസ്റത്ത്

മസീഹ് മൗഊദ്(അ) നബിതിരുമേനി(സ)യുടെ പദവിയെ മനസ്സിലാക്കിയിരുന്നില്ല എന്നാരെങ്കിലും പറഞ്ഞാൽ അതിനുള്ള മറുപടി ബുദ്ധിയ്ക്ക് അന്ധത ബാധിച്ചവന് അങ്ങനെയല്ലാതെ ഒന്നും പറയാൻ പറ്റുകയില്ല എന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് മാത്രമാണ്. അതായത് സവിശേഷഗുണങ്ങളുടെ അടിസ്ഥാനത്തിലും വാക്കുകളുടെയും പ്രവർത്തികളുടെയും കർമ്മങ്ങളുടെയും സകല കഴിവുകളുടെയും അടിസ്ഥാനത്തിലും നബി(സ)യുടെ മാതൃകയെ പിൻപറ്റേണ്ടത് നമുക്ക് നിർബന്ധമാണ്. അതാണ് പരമമായ നില. അതിനപ്പുറം ഒരു നിലയില്ല. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ സിഫത്തുകളുടെ പ്രകടനം മാനുഷികമായ കഴിവുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും മനുഷ്യനിൽനിന്ന് സാധ്യമാകുമെങ്കിൽ, ഏറ്റവും ഉത്തമമായ നിലയിലുള്ള പ്രകടനം സാധ്യമാകുന്നത് നബി(സ) തിരുമേനിയിലൂടെ മാത്രമാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹുതആല ഹസ്റത്ത് ആദമിനെ തന്റെ രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു. അതായത്, അവനെ തന്റെ സിഫത്തുകളുടെ പ്രതീകമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ സിഫത്തുകളെ അഥവാ ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളെ നിഴലെന്നോണം സ്വായത്തമാക്കാനുള്ള യോഗ്യതയും കഴിവും അവനിൽ നിക്ഷേപിച്ചു. ഞാൻ പറഞ്ഞതുപോലെ ഏറ്റവും ഉന്നതമായ നില നബി(സ)ന്റേതാണ്. ഈ യോഗ്യതയും കഴിവും ഏറ്റവുമധികം അല്ലാഹുതആല നബി(സ)ലാണ് നിക്ഷേപിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ ഈ സവിശേഷഗുണങ്ങളുടെ പൂർണ്ണമായ മാതൃക ഏതെങ്കിലും മനുഷ്യന് കാണിക്കാൻ കഴിയുമെങ്കിൽ അത് നബി(സ)യുടെ വ്യക്തിത്വമാണ്.

ഇത് സംബന്ധമായി നബി(സ) പറയുന്നു: ഉൽകൃഷ്ട സ്വഭാവങ്ങളുടെ സമ്പൂർണ്ണതയ്ക്കായി ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതായത് ഞാൻ നല്ലതും ഏറ്റവും ഉന്നതവുമായ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ വിശേഷഗുണങ്ങളിലും ഉൽകൃഷ്ട സ്വഭാവങ്ങളിലും സ്വയം പര്യാപ്തത നേടിയവനാണ് അത് പൂർണ്ണമായും നടപ്പാക്കുന്നത്. ഈ ഉൽകൃഷ്ടമായ സ്വഭാവങ്ങളെ സ്വായത്തമാക്കിക്കൊണ്ട്, അവിടത്തെ നിയോഗോദ്ദേശ്യം പൂർത്തിയാക്കേണ്ടത് ഈ പരിപൂർണ്ണമനുഷ്യന്റെ സമുദായത്തിലെ അംഗങ്ങളാണെന്ന് അവകാശപ്പെടുന്ന ഓരോരുത്തരുടെയും നിർബന്ധകടമയാണ്. ഇന്ന് ഈ നിർബന്ധ കടമ ഏറ്റവുമധികം നടപ്പിൽ വരുത്താൻ ബാധ്യസ്ഥർ അഹ്മദിയ്യാ ജമാഅത്തിലെ ഓരോ വ്യക്തിയുമാണ്. ഞാൻ നേരത്തെ പറയുകയുണ്ടായി, നബി(സ)യുടെ ഉൽകൃഷ്ടസ്വഭാവങ്ങളിൽ ഒന്ന് ബലഹീനരോടും മിസ്കീൻമാരോടുമുള്ള പെരുമാറ്റമാണ്. അതിനെക്കുറിച്ചുള്ള നിവേദനങ്ങൾ ഞാൻ പറയാം. അതിൽനിന്ന് നിർബന്ധിതരും ബലഹീനരുമായ വിഭാഗത്തിനോടുള്ള അവിടത്തെ സ്നേഹത്തിന്റെ മിന്നലാട്ടം നിങ്ങൾക്ക് കാണാൻ കഴിയും.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഔഫാ നിവേദനം ചെയ്യുന്നു. നബി(സ)യിൽ അഹങ്കാരം നാമമാത്രപോലും ഉണ്ടായിരുന്നില്ല. അവിടന്ന് ആരെയും വെറുത്തിരുന്നില്ല. വിധവകളോടും മിസ്കീൻമാരോടുമൊപ്പം നടക്കുന്നതും അവർക്ക് എന്തെങ്കിലും പ്രയോജനം ചെയ്യുന്നതിനും അവരെ സഹായിക്കുന്നതും മോശമായി കരുതുകയോ തന്ത്രത്തിൽ രക്ഷപ്പെടുകയോ ചെയ്തിരുന്നില്ല. (അതായത് നിസ്സഹായരായ സ്ത്രീകളെയും മിസ്കീൻകളേയും ദരിദ്രജനങ്ങളേയും സഹായിക്കുന്നതിന് വേണ്ടി എപ്പോഴും സന്നദ്ധനായിരുന്നു. അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു.)

ആരെങ്കിലുമൊക്കെ പറയുന്നതുപോലെ, ഇത് ആരംഭകാലത്ത് മാത്രമുള്ള കാര്യമല്ല. വിജയത്തിനുമേൽ വിജയമുണ്ടായ കാലത്തും ഈ ഉത്തമമായ മാതൃക നബി(സ)യിൽ കാണാമായിരുന്നു. ഈ ജീവിതരീതി കാണാമായിരുന്നു. കഷ്ടപ്പെടുന്നവർക്കും അശരണർക്കും അവിടത്തെ ദൃഷ്ടിയിൽ ഉണ്ടായിരുന്ന സ്ഥാനമെന്തായിരുന്നു. ഇതു സംബന്ധിച്ച് ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ഇങ്ങനെ പ്രാർത്ഥിച്ചു: 'അല്ലാഹുവേ! നീ എന്നെ സുദരിദ്രാവസ്ഥയിൽ ജീവിപ്പിക്കുകയും ആ അവസ്ഥയിൽതന്നെ മരിപ്പിക്കുകയും ചെയ്യേണമേ. പുനരുത്ഥാനനാളിൽ ദരിദ്രവിഭാഗത്തോടൊപ്പം നീ എന്നെ എഴുന്നേല്പിക്കേണമേ.' അപ്പോൾ ഹസ്റത്ത് ആയിശ(റ) ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അതെന്തിനാണ്? അത് കേട്ടപ്പോൾ നബി(സ) പറഞ്ഞു: 'ദരിദ്രർ സമ്പന്നരെക്കാൾ നാല്പത് വർഷം മുമ്പേ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അതായത് അവരിൽ അഹങ്കാരമോ പൊങ്ങച്ചമോ ഉണ്ടാകുകയില്ല. വിനയവും എളിമയുമായിരിക്കും അവരിൽ ഉണ്ടായിരിക്കുക. അതുകൊണ്ട് അല്ലാഹുതആല അവരുടെ പദവികൾ ഉയർത്തുന്നു.'

പറഞ്ഞു: ആയിശാ! ഒരു ദരിദ്രനെയും ആട്ടി അകറ്റരുത്. കാരക്കയുടെ ഒരു ചീള് തന്നെയാണ് നിനക്ക് കൊടുക്കേണ്ടി വരുന്നതെങ്കിലും. ആയിശാ! പ്രിയപ്പെട്ടവരായി നീ ദരിദ്രരെ കാണണം. അവർക്ക് നിന്റെ സാമീപ്യം നല്കി അനുഗ്രഹിക്കണം; അങ്ങനെയായാൽ അല്ലാഹു പുനരുത്ഥാന നാളിൽ തന്റെ സാമീപ്യം നിനക്ക് നല്കി അനുഗ്രഹിക്കുന്നതാണ്.

സമൂഹത്തിലെ ബലഹീന വിഭാഗത്തോട് എത്രത്തോളം വലിയ സ്നേഹവും വേദനയുടെ വികാരവുമാണിതെന്ന് നോക്കുക. ഈ പ്രാർത്ഥനാവാക്കുകളിലൂടെ ലോകദൃഷ്ടിയിൽ ഈ ദുർബലവിഭാഗത്തിന് എത്രവലിയ പദവിയാണ് അവിടന്ന് നല്കിയത്.

ഇത് പ്രാർത്ഥനയും വീട്ടുകാർക്കുള്ള ഉപദേ

ശവും മാത്രമായിരുന്നില്ല, മറിച്ച് അതനുസരിച്ച് പ്രവർത്തിച്ച് കാണിക്കുകയും ചെയ്തു. ഈ മാതൃക സ്വഹാബത്തിൽ കാണാനും കഴിഞ്ഞിരുന്നു.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഔഫ് (റ) തന്നെ പറയുന്നു. നബി(സ) അഹങ്കരിച്ചിരുന്നില്ല. വിധവകളോടും ദരിദ്രരോടുമൊപ്പം നടക്കുന്നതും അവർക്ക് സേവനം ചെയ്യുന്നതും അപമാനമായി മനസ്സിലാക്കുകയും ചെയ്തിരുന്നില്ല. ഇക്കാര്യങ്ങളൊക്കെ മറ്റുള്ളവർക്ക് നോക്കിക്കാണാനും കഴിഞ്ഞിരുന്നു. ഈ പ്രവർത്തനത്തിന്റെ സ്വാധീനഫലമായി സ്വഹാബത്തും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചിരുന്നു. മറ്റൊരു അവശവിഭാഗമായ വീട്ടുജോലിക്കാരോടും സേവകരോടുമുള്ള പെരുമാറ്റവും ഇപ്രകാരം തന്നെയാണ്.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ കുട്ടിയായിരുന്നു. പത്തുവർഷം വരെ നബി(സ)യെ സേവിക്കാൻ എനിക്കവസരം കിട്ടി. നബി(സ)യുടെ ഇഷ്ടത്തിനനുസരിച്ച് മിക്കപ്പോഴും ഞാൻ ജോലി ചെയ്തിരുന്നില്ല. എന്നാൽ, ഇന്നേവരെ ഒരിക്കലും ജോലിയെക്കുറിച്ച് അവിടന്ന് ഒന്നും തന്നെ പറഞ്ഞിട്ടില്ല. 'ഛെ' എന്നുപോലും പറഞ്ഞിട്ടില്ല. നീ എന്തിനാണ് ചെയ്തതെന്നോ, ചെയ്യാതിരുന്നതെന്നോ ചോദിച്ചിട്ടില്ല. ഒരിക്കലും അവിടന്ന് ഒന്നും തന്നെ പറഞ്ഞിട്ടില്ല.

ഹസ്റത്ത് അനസ് (റ) തന്നെ നിവേദനം ചെയ്യുന്നു. നബി(സ) എല്ലാവരിലും വെച്ച് ഉന്നതമായ സ്വഭാവഗുണങ്ങളുടെ ഉടമയായിരുന്നു. ഒരിക്കൽ അവിടന്ന് എന്തോ ജോലിക്കായി എന്നെ അയച്ചു. ഞാൻ പോകില്ലായെന്ന് പറഞ്ഞു. പക്ഷെ, മനസ്സിൽ ആ ജോലി തീർച്ചയായും ചെയ്യുമെന്നുണ്ടായിരുന്നു. കാരണം നബി(സ) യുടെ കല്പനയാണ്. എന്തായാലും അവിടന്ന് പറയുന്ന ആ ജോലിചെയ്യാൻ ഞാൻ ഇറങ്ങി പുറപ്പെട്ടു. (കുട്ടിയായിരുന്നല്ലോ) ബാസാറിലൂടെ പോകുമ്പോൾ കുറെ കുട്ടികൾ കളിക്കുന്നതുകണ്ടു. ഞാൻ അതുംനോക്കിനിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ നബി(സ) വന്നു. പിന്നിൽ നിന്ന് എന്റെ കഴുത്തിൽ പിടിച്ചു. ഞാൻ തിരിഞ്ഞ് നബി(സ)യെ നോക്കി. അവിടന്ന് ചിരിക്കുകയായിരുന്നു. അനസേ! ഞാൻ പറഞ്ഞ ജോലി ചെയ്യാൻ നീ പോയോ എന്ന് നബി(സ) ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! ഇപ്പോൾ പോകാമെന്ന് ഞാനറിയിച്ചു. അനസ് പറയുന്നു: അല്ലാഹുവാണ! ഞാൻ ഒമ്പതുവർഷം വരെ നബി(സ)യെ സേവിച്ചു. എന്തെങ്കിലും ജോലിചെയ്യാതിരുന്നാൽ, നീ എന്തുകൊണ്ട് ആ ജോലിചെയ്തില്ല എന്ന് എപ്പോഴെങ്കിലും അവിടന്ന് ചോദിച്ചതായി എനിക്കറിയില്ല.

സേവകരോടും ജോലിക്കാരോടുമുള്ള അവിടത്തെ പെരുമാറ്റം സ്മരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹു തആല വളരെയധികം കാരുണികനും ഉദാരനുമാണ്. അവൻ എല്ലാ രീതിയിലും മനുഷ്യനെ പരിപാലിച്ചുവളർത്തുന്നു. അവന്റെ മേൽ കരുണ ചൊരിയുന്നു. ഈ കരുണകൊണ്ട് തന്നെയാണ് ലോകവാസികളെ പാപപങ്കിലമായ ജീവിതത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി അവൻ തന്റെ നബിമാരെയും ദൂതന്മാരെയും അയക്കുന്നത്.

വീണ്ടും പറയുന്നു: അഹങ്കാരം ഉണ്ടാകാൻ പാടില്ലാ എന്നത് മുഅ്മിൻ അഥവാ സത്യവിശ്വാസിക്കുള്ള നിബന്ധനയാണ് എന്നല്ല വണക്കവും വിനയവും താഴ്മയും അവനിൽ ഉണ്ടാകുകയും വേണം. അങ്ങേയറ്റം വിനയവും താഴ്മയും നബിമാരുടെ പ്രത്യേകതയാണ്. ഈ ഗുണം ഏറ്റവും കൂടുതലുണ്ടായിരുന്നത് നബി(സ)യിലായിരുന്നു. നബി(സ) നിന്നോടെങ്ങനെയാണ് പെരുമാറിയിരുന്നതെന്ന് അവിടത്തെ സേവകനോട് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ സേവിക്കുന്നതിനെക്കാൾ അധികം ആ മഹാത്മാവ് എന്നെ സേവിച്ചിരുന്നു എന്നതാണ് സത്യം.'

*അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലം.*

അവിടന്ന് പറഞ്ഞു: ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെയും വിനയത്തിന്റെയും ഉത്തമമാതൃകയാണിത്. എപ്പോഴും കൂടെയുണ്ടാകുന്ന സ്നേഹിതന്മാരിലധികവും ചെറുപ്പക്കാരായിരിക്കും എന്ന കാര്യവും ശരിയാണ്. അതുകൊണ്ട് ആരുടെയെങ്കിലും വണക്കത്തിന്റെയും വിനയത്തിന്റെയും സഹനത്തിന്റെയും മാതൃക കാണണമെങ്കിൽ അവരിൽ നിന്ന് അത് മനസ്സിലാക്കാം.

പറഞ്ഞു: ഇക്കാലത്ത് എന്താണ് നടക്കുന്നത്? ചില തന്നിഷ്ടക്കാരായ സ്ത്രീകൾ അവരുടെ ജോലിക്കാരെടുക്കുന്ന പണിയിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ഉടനെ മർദ്ദിക്കാൻ തുടങ്ങുന്നു. ഉദാഹരണത്തിന് ചായയിൽ എന്തെങ്കിലും കുറഞ്ഞുപോയാൽ ഉടനെ ചീത്ത പറയാനും അടിക്കാനും തുടങ്ങുന്നു. കറിയിൽ അല്പം ഉപ്പ് കൂടിപ്പോയാൽ പിന്നെ വീട്ടുജോലിക്കാർക്ക് നാശം തന്നെ.

ഏതെങ്കിലും ദരിദ്രന്റേയോ സേവകന്റേയോ മേൽ അക്രമം ഉണ്ടാകുന്നത് അവിടന്ന് കണ്ടാൽ അവിടത്തെ മനസ്സ് പിടക്കുമായിരുന്നു. അടിമകളെ വാങ്ങാറുണ്ടായിരുന്ന കാലമായിരുന്നു അത്. വാങ്ങുന്നവർക്ക് അവരുടെ മേൽ ആധിപത്യം ഉണ്ടായിരുന്നു. അവരുടെ മേൽ പൂർണ്ണമായ അവകാശം തങ്ങൾക്കുണ്ടെന്ന ധാരണ യജമാനന്മാർക്കുണ്ടായിരുന്നു. നാട്ടുനടപ്പനുസരിച്ച് എന്തുവേണമെങ്കിലും അടിമകളോട് പ്രവർത്തിക്കാം. അതൊന്നും ചീത്തക്കാര്യമായി ഗണിക്കപ്പെട്ടിരുന്നില്ല. ഇസ്ലാമിനുമുമ്പേ അങ്ങേയറ്റം അക്രമപരമായ നിലയിലായിരുന്നു അടിമകളെ കൈവശം വച്ചിരുന്നത്. ചിലപ്പോൾ മൃഗങ്ങളോട് പെരുമാറുന്നതിനെക്കാൾ ക്രൂരമായി അടിമകളോട് പെരുമാറിയിരുന്നു. മനുഷ്യരെന്ന നിലയിൽ

അടിമകൾക്കും സ്ഥാനം വാങ്ങിച്ചുകൊടുത്തത് നബി (സ) തിരുമേനി തന്നെയാണ്. ഇതു സംബന്ധിച്ച് ഒരു നിവേദനമുണ്ട്. ഹസ്റത്ത് അബൂ മസ്ഊദ് അൻസ്വാരി പറയുന്നു: ഞാൻ എന്റെ ഒരു അടിമയെ അടിക്കുകയായിരുന്നു. (എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടാകാം, അതിനായിരിക്കും അടിച്ചത്.) അപ്പോൾ എന്റെ പിന്നിൽനിന്ന് ആരോ വരുന്ന ശബ്ദം ഞാൻ കേട്ടു. 'അബൂ മസ്ഊദേ! അറിഞ്ഞുകൊള്ളുക. ഈ അടിമയുടെ മേൽ നിനക്കുള്ള ശക്തിയേക്കാൾ അധികം ശക്തിയുള്ളവനാണ് അല്ലാഹു.' ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ അതു പറയുന്നത് നബി(സ) യാണെന്ന് കണ്ടു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ അവനെ അല്ലാഹുവിനുവേണ്ടി മോചിപ്പിക്കുകയാണ്.' അപ്പോൾ നബി(സ) പറഞ്ഞു: 'നീ അവനെ മോചിപ്പിച്ചില്ലായിരുന്നെങ്കിൽ നിനക്ക് നരകത്തിലെ ശിക്ഷ അനുഭവിക്കേണ്ടിവരുമായിരുന്നു.'

നോക്കുക, ഒരു അടിമ അടി കൊള്ളുന്നത് കണ്ടുകൊണ്ട് നബി(സ)യുടെ ഹൃദയം എത്രമാത്രം വേദനിച്ചു. ആ അടിമ ചെയ്ത കുറ്റമെന്താണെന്ന് അവിടന്ന് ചോദിച്ചില്ല. ന്യായമാണോ അന്യായമാണോ എന്നും തിരക്കിയില്ല. അടിമ അടികൊള്ളുന്നത് കണ്ടപ്പോൾ അത് സഹിക്കാൻ നബി(സ)യ്ക്കു സാധിച്ചില്ല. സ്വഹാബത്തും അവിടത്തെ സ്വഭാവം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് ഞാൻ ഇവനെ മോചിപ്പിക്കുന്നുവെന്ന് അബൂ മസ്ഊദ് ഉടനെ പറഞ്ഞു. അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)ന്റെയും വെറുപ്പിൽനിന്ന് രക്ഷപ്പെടാനുള്ള ഏകമാർഗം ആ അടിമയെ മോചിപ്പിക്കുക തന്നെയാണെന്ന് അദ്ദേഹം മനസ്സിലാക്കി.

ഈ രീതിയിൽ നബി(സ) അടിമകളോട് പെരുമാറിയിരുന്നു. അവരെ സ്വതന്ത്രരാക്കിയിരുന്നു. അവരുടെ മാന്യത നിലനിറുത്തിയിരുന്നു.

അന്യരുടെ കുട്ടികളോടും നബി(സ) നല്ല രീതിയിൽ പെരുമാറിയിരുന്നു. സ്വന്തം മക്കളെ മനുഷ്യൻ സ്നേഹിക്കുകയും അന്യരുടെ മക്കളെ അവഗണിക്കുകയും ചെയ്യുന്ന രീതിയാണ് പൊതുവെ കാണാറുള്ളത്. എന്നാൽ, നബി(സ) ഓരോ കുട്ടിയെയും തന്റെ കുട്ടിയെന്ന നിലയിലാണ് മനസ്സിലാക്കിയിരുന്നത്.

ജാബിർബിൻ സംറ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)യോടൊപ്പം നമസ്കരിച്ചു. പിന്നീട് അവിടന്ന് വീട്ടുകാരുടെ അടുത്തേക്ക് പോയി. ഞാനും ഒപ്പം പോയി. കുട്ടികൾ നബി(സ)യെ സ്വാഗതം ചെയ്യുന്നു. നബി(സ) ഓരോ കുട്ടിയുടെയും തോളിൽ തട്ടി സ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ജാബിർ ബിൻ സംറ പറയുന്നു, നബി(സ) അനുകമ്പയോടെ എന്റെ തോളിലും തടവി. നബി(സ) അത്തർ കുപ്പിയിൽനിന്ന് കൈ പുറത്തെടുത്തത് പോലുള്ള സുഗന്ധം എനിക്കനുഭവപ്പെട്ടു.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. സൈദിന്റെ മകനായ ഉസാമ വാതിലിൽ തലയടിച്ചുവീണു, നെറ്റിയിൽ മുറിവുണ്ടായി. നബി (സ) എന്നോട് ഇവന്റെ മുറിവ് വൃത്തിയാക്കി ഇവന്റെ ബുദ്ധിമുട്ടകറ്റാൻ പറഞ്ഞു. ഞാൻ അവന്റെ മുറിവ് വൃത്തിയാക്കി. ഹസ്റത്ത് ആയിശ (റ) പറയുന്നു: നബി(സ) അവനെ സാന്ത്വനപ്പെടുത്തുകയും സമാധാനപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. പറഞ്ഞു: ഉസാമ പെൺകുട്ടിയായിരുന്നെങ്കിൽ ഞാൻ അവളെ നല്ലനല്ല ഉടുപ്പുകൾ ധരിപ്പിക്കുകയും ആഭരണങ്ങൾ അണിയിക്കുകയും അങ്ങനെ അവൾക്കുവേണ്ടി ഏറെ പണം ചെലവഴിക്കുകയും ചെയ്യുമായിരുന്നു. അവിടന്ന് ഉസാമയെ സമാധാനപ്പെടുത്തികൊണ്ടിരുന്നു. അത് അടിമയുടെ കുട്ടിയാണോ, പണക്കാരന്റെ കുട്ടിയാണോ എന്നൊന്നും അദ്ദേഹം നോക്കിയില്ല. ദരിദ്രരോട് കൂടുതൽ സ്നേഹത്തോടും സന്തോഷത്തോടും കൂടി പെരുമാറിയിരുന്നു.

ഹസ്റത്ത് ഉസാമ ബിൻ സൈദ് (റ) നിവേദനം ചെയ്യുന്നു. നബി(സ) തന്നെ എടുത്ത് ഒരു തുടയിലിരുത്തി; മറ്റേ തുടയിൽ ഹസ്റത്ത് ഹസനേയും. പിന്നീട് ഞങ്ങൾ രണ്ടുപേരേയും നെഞ്ചോട് ചേർത്തുപിടിക്കുമായിരുന്നു. *അല്ലാഹുമ്മർ റഹംഹുമാ ഫ ഇന്നീ അർഹമുഹുമാ.* അല്ലാഹുവേ, ഇവർ രണ്ടുപേരുടെ മേലും നീ കരുണ ചൊരിഞ്ഞാലും. ഞാൻ ഇവരെ സ്നേഹിക്കുന്നു.

തന്റെ ഓമന പൗത്രനും ഉസാമയ്ക്കുമിടയിൽ ഒരു വകഭേദവും കാണിച്ചില്ല. ഇത് അടിമയുടെ മകനാണോ എന്നും നോക്കിയില്ല. ഒരു ദരിദ്രന്റെ കുട്ടിയ്ക്കും, തന്റെ പൗത്രനുള്ള സ്ഥാനം നല്കി. രണ്ടുപേർക്കുംവേണ്ടി ദുആ ചെയ്തതും ഒരേ വികാരത്തോടെ. ബാഹ്യമായ നിലയിൽ ഒരേ രീതിയിൽ ചിലർ പെരുമാറാറുണ്ട്. ദുആയിൽ വ്യത്യാസമുണ്ടായാലും ആക്ഷേപത്തിന് വകയൊന്നുമില്ല. എന്നാൽ, അവിടന്ന് പൂർണ്ണ മാതൃകയായിരുന്നു. ആരാണോ മാതൃകയിൽ പൂർണ്ണൻ, അയാൾക്കുമാത്രമെ ഇത്ര ആഴത്തിൽ ചെന്ന് മറ്റുള്ളവരെ ശ്രദ്ധിക്കുവാനൊക്കുകയുള്ളു. ദുആയിൽ പോലും വ്യത്യാസം കാണിക്കുകയില്ല.

ഗ്രാമത്തിൽ നിന്ന് വരുന്ന നിസ്സാരനായ ഒരു മനുഷ്യനോട് എത്രമാത്രം സ്നേഹത്തോടെയാണ് അവിടന്ന് പെരുമാറിയതെന്നും ആദരിച്ചതെന്നും നോക്കുക. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. സാഹിർ എന്നുപേരുള്ള ഒരു ബദ്‌ദു ഗ്രാമവാസിയുണ്ടായിരുന്നു. നബി(സ)യ്ക്ക് അയാൾ ഗ്രാമത്തിൽനിന്നുള്ള സമ്മാനം നല്കുമായിരുന്നു. അയാൾ തിരിച്ചുപോകാനൊരുങ്ങുമ്പോൾ നബി(സ)യും അദ്ദേഹത്തിന് സമ്മാനങ്ങൾ നല്കുമായിരുന്നു. നബി(സ) ഒരിക്കൽ പറഞ്ഞു: സാഹിർ നമ്മുടെ ബദ്‌വി സഹോദരനാണ്. ഞാൻ അദ്ദേഹത്തിന്റെ പട്ടണ സുഹൃത്തു

മാണ്. നബി(സ) അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അയാൾ വെറുമൊരു സാധാരണക്കാരനായിരുന്നു. ഒരിക്കൽ അയാൾ ബാസാറിൽ തന്റെ സാധനം വിൽക്കുകയായിരുന്നു. നബി(സ) അയാളുടെ പിന്നിൽവന്നു, പതുക്കെ അയാളുടെ കണ്ണുകൾ പൊത്തി. അയാൾ നബി(സ)യെ കണ്ടിരുന്നില്ല. 'ആരാണ്, എന്നെ വിടുക' എന്ന് അയാൾ പറഞ്ഞു. എന്തായാലും അയാൾക്ക് പിന്നീട് മനസ്സിലായിട്ടുണ്ടാകും നബി(സ)യല്ലാതെ പിന്നീടാരാണ് തന്റെ കണ്ണുകൾ പൊത്താനുള്ളതെന്ന്. പിന്നീടയാൾ തന്റെ പിൻഭാഗം നബി(സ)യുടെ നെഞ്ചിൽ ഉരസാൻ തുടങ്ങി. നബി(സ), ഈ അടിമയെ ആർക്കെങ്കിലും വേണോ എന്ന് വിളിച്ചു ചോദിച്ചു. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങനെയാണെങ്കിൽ താങ്കൾ എന്നെ വളരെ വില കുറഞ്ഞ ചരക്കായി കാണുന്നതാണ്. ഇത്രയും നിസ്സാരനായ ഒരാളെ ആരു വാങ്ങാനാണ്?' അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: 'എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ വിലകുറഞ്ഞവനല്ല. അല്ലാഹുവിന്റെ പക്കൽ നിങ്ങൾക്ക് വലിയ വിലയാണുള്ളത്.'

നോക്കുക, നിസ്സാരനും സൗന്ദര്യമൊന്നും ഇല്ലാത്തവനുമായ ഒരു ഗ്രാമവാസിയെപ്പോലും നബി(സ) സന്തോഷിപ്പിക്കുന്നു.

ഒന്നാമത്തെകാര്യം ബാസാറിൽനിന്ന് ഇങ്ങനെ പെരുമാറിക്കൊണ്ട് എല്ലാവരോടും പറഞ്ഞത് ദാരിദ്ര്യമോ സമ്പത്തോ ഭംഗിയോ അഭംഗിയോ അറിവോ അറിവില്ലായ്മയോ ഒന്നും ഒരാളുടെ നില അളക്കാൻ പറ്റുന്ന അളവുകോലല്ല എന്നാണ്. തഖ്‌വയിലും നന്മയിലും അധിഷ്ഠിതമായ നിലയാണ് നിലനില്ക്കുക. വിനയത്തിലും ദാരിദ്ര്യത്തിലും അധിഷ്ഠിതമായ നിലയാണ് സ്ഥിതി ചെയ്യുന്നത്. സൗന്ദര്യകുറവിനെക്കുറിച്ചും ദാരിദ്ര്യത്തെക്കുറിച്ചും അപകർഷതാബോധം ഉണ്ടാകരുതെന്ന പാഠം അയാൾക്കു നല്കുകയും ചെയ്തു. നിങ്ങളുടെ നന്മയും നിങ്ങളുടെ ദാരിദ്ര്യവും അല്ലാഹുവിന്റെ പക്കൽ നിങ്ങളെ അങ്ങേയറ്റം വിലപിടിപ്പുള്ളവനാക്കി തീർത്തിരിക്കുന്നുവെന്ന് പറയുകയും ചെയ്തു.

ബാഹ്യത്തിൽ അയാൾ ഒരു പഠിപ്പുമില്ലാത്ത ഒരു ബദ്‌വിയായിരുന്നു. പക്ഷെ, നബി(സ)യുടെ പ്രകാശത്താൽ പ്രകാശിതനായിരുന്നതിനുശേഷം, അവിടത്തെ അധ്യാപനത്തിൽ ഭാഗഭാക്കായതിനു ശേഷം അദ്ദേഹത്തിന്റെ ബുദ്ധിയ്ക്കും കൂർമ്മത വന്നു. അദ്ദേഹം എവിടെ വരെയെത്തി. നബി(സ) തന്നെയാണെന്ന് അയാൾ തിരിച്ചറിഞ്ഞുടൻ നബി(സ)യുടെ ശരീരവുമായി തന്റെ ശരീരം ഉരസാൻ തുടങ്ങി. സ്വരുകൂട്ടാവുന്നത്ര അനുഗ്രഹങ്ങൾ ഇന്നു സ്വരുക്കൂട്ടാം എന്നയാൾ മനസ്സിലാക്കി. ഭാവനയിൽ ഒന്നു കാണുക, ആ ബാസാറിൽനിന്ന് വലിയ വലിയ ആളുകൾ പോലും ഈ ബദ്ദുവിന്റെ അവസ്ഥ കണ്ട് അസൂയപ്പെട്ടിട്ടുണ്ടാവില്ലേ; തങ്ങൾക്ക് അത് ലഭിച്ചിരുന്നെങ്കിൽ എന്ന് അവർ ആശിച്ചിട്ടുണ്ടാവില്ലേ?

ആരംഭകാലത്ത് ഇസ്‌ലാമിന്റെ പാഠം ശരിയായ നിലയിൽ അറിഞ്ഞിട്ടില്ലാത്ത ഗ്രാമവാസികൾ ചിലപ്പോൾ ചില തെറ്റായ കാര്യങ്ങൾ ചെയ്യാറുണ്ടായിരുന്നു. ശിക്ഷണം ലഭിച്ച പട്ടണവാസികളായ സ്വഹാബിമാർക്ക് ഇക്കാര്യത്തിൽ ദ്വേഷവും വരാറുണ്ടായിരുന്നു. എന്നാൽ, നബി(സ) അത്തരം കാര്യങ്ങൾ എപ്പോഴും മൃദുവായ നിലയിൽ പരിഹരിച്ചിരുന്നു.

ഒരിക്കൽ ഒരു ബദ്‌വി പള്ളിയുടെ പരിസരത്ത് മൂത്രം ഒഴിച്ചു. ജനങ്ങൾ ബഹളം വയ്ക്കാൻ തുടങ്ങി. നബി(സ) പറഞ്ഞു: 'അയാളെ വിട്ടേയ്ക്കുക.' അയാൾ മൂത്രമൊഴിച്ചു കഴിഞ്ഞപ്പോൾ നബി(സ) കുറച്ചു വെള്ളമെടുത്ത് അയാൾ മൂത്രമൊഴിച്ച സ്ഥലത്ത് ഒഴിച്ചു വൃത്തിയാക്കി.

മൂത്രമൊഴിക്കുന്നതിൽനിന്ന് അപ്പോൾ അയാളെ തടയുന്നത് യുക്തമായി നബി(സ) മനസ്സിലാക്കിയില്ല. എന്നാൽ അയാൾ മൂത്രമൊഴിച്ചു കഴിഞ്ഞ ഉടനെ അത് വൃത്തിയാക്കിയാൽ തീരുന്ന കേസ്സാണെന്ന് തന്റെ കർമ്മം കൊണ്ട് നബി(സ) ജനങ്ങൾക്ക് പറഞ്ഞുകൊടുത്തു. മസ്ജിദ് വൃത്തികേടാക്കാൻ പാടില്ലെന്നും അതെപ്പോഴും വെടിപ്പും ശുദ്ധിയുമാക്കി വെക്കേണ്ട സ്ഥലമാണെന്നും അയാൾക്കും മനസ്സിലാക്കിക്കൊടുത്തു. വെള്ളം കൊണ്ട് അവരുടെ മുമ്പിൽ വെച്ച് തന്നെ നബി(സ) അവിടം വൃത്തിയാക്കി.

നബി(സ)യുടെ ജീവിതമാതൃകയുടെയും, സൽപെരുമാറ്റങ്ങളുടെയും ചില ഉദാഹരണങ്ങളാണ് ഞാനിപ്പോൾ പറഞ്ഞത്. അത് സമൂഹത്തിലെ ദുർബലരുമായി ബന്ധപ്പെട്ടതായിരുന്നു. തന്നെ വിശ്വസിക്കുന്നവരും തന്നെ പിൻപറ്റികൊണ്ട് ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെ ഉന്നതമായ നില സ്ഥാപിക്കുന്നതിനാണ് അവിടന്ന് ഈ മാതൃക കാണിച്ചുതന്നത്. ഈ ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെ പൂർത്തീകരണമാണ് തന്റെ നിയോഗോദ്ദേശ്യമെന്ന് അവിടന്ന് പറഞ്ഞതും അതുകൊണ്ട് തന്നെ. തന്റെ ഉമ്മത്തിലെ ഒരാൾ പോലും അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിക്കുന്നവനായി തീരുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. എല്ലാ സൃഷ്ടികളിലും വെച്ച് അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്ന വ്യക്തി, തന്റെ കുടുംബക്കാരോട് നല്ലരീതിയിൽ പെരുമാറുന്നവനാണ്. (അതായത് അവന്റെ സൃഷ്ടികളോട് നല്ല നിലയിൽ പെരുമാറുന്നവനും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നവൻ)

ദുർബലരായ ജനങ്ങളോടുള്ള പെരുമാറ്റത്തെക്കുറിച്ച് അവിടന്ന് നല്കിയ ഉപദേശമനുസരിച്ച് നാമും പ്രവർത്തിക്കേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(

സ) പറഞ്ഞു: മൂന്നു ആളുകളോട് ശക്തമായ നിലയിൽ ചോദിക്കുമെന്ന് അല്ലാഹു തആല പറഞ്ഞിരിക്കുന്നു. ഒന്ന്, എന്റെ പേരിൽ ഒരാൾക്ക് അഭയം നല്കുകയും പിന്നെ അവനെ വഞ്ചിക്കുകയും ചെയ്തവൻ. രണ്ട്, സ്വതന്ത്രനായ ഒരു മനുഷ്യനെ വില്ക്കുകയും കിട്ടിയ പൈസ തിന്നുകയും ചെയ്തവൻ (ആരെയെങ്കിലും പിടിച്ച് അടിമയാക്കുകയും അവനെ വില്ക്കുകയും ചെയ്യുന്നവൻ) മൂന്ന്, ഒരുവനെ ജോലിയ്ക്ക് നിറുത്തുകയും അവനെ കൊണ്ട് പൂർണ്ണമായും പണിയെടുപ്പിക്കുകയും ചെയ്തിട്ട് അവന് പൂർണ്ണമായ വേതനം നല്കാത്തവൻ. (അതായത് തൊഴിലാളിയുടെ തൊഴിലനുസരിച്ച് വേതനം നല്കിയില്ല)

നമ്മുടെ സമൂഹത്തിൽ ഇത് ഇന്നും ചിലർക്കുണ്ട്. ഒന്നുകിൽ, തൊഴിലെടുപ്പിക്കുന്നതിനുമുമ്പേ ഇന്ന രീതിയിൽ തൊഴിലെടുക്കണം ഇന്ന വിധത്തിൽ പണിയെടുക്കണം, ഇല്ലെങ്കിൽ വേതനം കുറയുമെന്ന് പറയണം. പണികഴിഞ്ഞതിനുശേഷം വേതനം വെട്ടിക്കുറക്കാനുള്ള തന്ത്രങ്ങളൊന്നും തിരഞ്ഞ് നടക്കരുത്. കാരണം, ഞാൻ തീർച്ചയായും അത്തരക്കാരോട് ചോദിക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ചോദ്യം ചെയ്യലിനെ ഭയക്കേണ്ടതാണ്.

നബി(സ) പറഞ്ഞതായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. കരുണ ചെയ്യുന്നവന്റെ മേൽ പരമകാരുണികൻ കരുണ ചെയ്യുന്നു. നിങ്ങൾ ജനങ്ങളോട് കരുണ ചെയ്യുക. ആകാശത്തുള്ളവൻ നിങ്ങളുടെ മേൽ കരുണ ചെയ്യും. *റഹം* എന്ന പദം റഹ്മാനിൽനിന്നാണ്. ആരാണോ കുടുംബ ബന്ധുക്കളോട് കരുണ ചെയ്യുന്നത് അല്ലാഹു തആല അവനെ തന്നോടൊപ്പം ചേർക്കുന്നതാണ്. ആരാണോ കുടുംബ ബന്ധുക്കളുമായി ബന്ധം മുറിക്കുന്നത് അല്ലാഹുവും അവനുമായി ബന്ധം മുറിക്കുന്നു.

ചെറിയവരോട് ദയ കാണിക്കാത്തവനും വലിയവരുടെ സ്ഥാനം തിരിച്ചറിയാത്തവനുമായി എനിക്കു യാതൊരു ബന്ധവുമില്ലെന്ന് നബി(സ) പറഞ്ഞതായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ദുർബലരേയും ദരിദ്രരേയും മിസ്കീൻമാരേയും ശ്രദ്ധിക്കാത്തവർക്ക് മുന്നറിയിപ്പ് നല്കികൊണ്ട് അവിടന്ന് പറയുന്നു. ഹാരിസിബ്നു വഹ്ബാണ് ഇത് നിവേദനം ചെയ്തിട്ടുള്ളത്. അവിടന്ന് പറഞ്ഞു: 'സ്വർഗവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടേയോ? ജനങ്ങൾ ദുർബലരെന്ന് കരുതുന്ന ഓരോ ദുർബലനും, എന്നാൽ, അയാൾ അല്ലാഹുവിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് അവന്റെ പേരിൽ സത്യം ചെയ്ത് പറയുമ്പോൾ അയാളുടെ സത്യത്തെ അല്ലാഹു പൂർത്തിയാക്കുകയും അയാൾ ആഗ്രഹിക്കുന്നതുപോലെ അയാളോട് പെരുമാറുകയും ചെയ്യുന്നു. പിന്നീട് ചോദിച്ചു. നരകവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഓരോ ധിക്കാരിയും സ്വാർത്ഥനും കോപാകുലനും അഹങ്കാരിയും നരകത്തിന്റെ ഇന്ധനമായി തീരുന്നതാണ്.'

നബി(സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്ന ഹസ്റത്ത് മസീഹ് മൗഊദ് (അ) നബി(സ)തിരുമേനിയുടെ പൂർണ്ണമായ പ്രകാശത്തിൽനിന്ന് വെളിച്ചമുൾകൊണ്ട് ഈ വശത്തൂടെ എങ്ങനെയാണ് നമ്മെ ഉപദേശിച്ചിട്ടുള്ളതെന്ന് ഇനി നമുക്ക് നോക്കാം. എങ്ങനെയാണ് അവിടന്ന് പ്രവർത്തിച്ച് കാണിച്ചത് എന്ന് നോക്കാം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിനെ തിരയുന്നുവെങ്കിൽ ദരിദ്രജനതയുടെ ഹൃദയത്തിനടുത്ത് തിരയുക. അതുകൊണ്ടാണ് പ്രവാചകന്മാർ ദരിദ്രരുടെ വസ്ത്രം തന്നെ അണിഞ്ഞത്. ഇപ്രകാരം തന്നെ വലിയ ജനത, ചെറിയ ജനതയെ പരിഹസിക്കരുത്. തന്റെ കുടുംബം വലുതാണെന്നും ആരും അഹങ്കരിച്ചു പറയരുത്. അല്ലാഹു തആല പറയുന്നു. നിങ്ങൾ എന്റെയടുക്കൽ വരുമ്പോൾ നിങ്ങൾ ഏതു ജനതയിൽ പെട്ടവരാണെന്ന് ചോദിക്കുകയില്ല. നിങ്ങളുടെ കർമ്മമെന്താണെന്നായിരിക്കും ചോദിക്കുക. ഇപ്രകാരം തന്നെ നമ്മുടെ നബി(സ) തന്റെ മകളോട് പറഞ്ഞു: ഫാത്തിമാ! അല്ലാഹുതആല വ്യക്തിത്വത്തെക്കുറിച്ച് ചോദിക്കുകയില്ല. നീയെന്തെങ്കിലും ചീത്തകാര്യം ചെയ്താൽ നീ റസൂലിന്റെ മകളാണെന്ന കാരണത്താൽ അല്ലാഹു നിനക്ക് മാപ്പ് തരുകയില്ല. നിർധനതയിലും സുദാരിദ്ര്യത്തിലും ജീവിക്കുകയെന്നത് തഖ്‌വയോടെ ജീവിക്കുന്നവർക്ക് നിബന്ധനയാണ്. ഇത് തഖ്‌വയുടെ ഒരു ശാഖയാണ്. ഇതിലൂടെ നമുക്ക് അനുവദനീയമല്ലാത്ത കോപത്തോട് പോരാട്ടം നടത്തേണ്ടിവരും. കോപം എന്നത് വലിയ വലിയ ദൈവജ്ഞാനികൾക്കും സിദ്ദീഖുകൾക്കും മറികടക്കേണ്ടി വരുന്ന അവസാനത്തെ കടമ്പയാണ്. അഹങ്കാരവും അഹന്തയും കോപത്തിൽനിന്നാണ് ഉണ്ടാകുന്നത്.(അതായത് പൊങ്ങച്ചം, അഹങ്കാരം തുടങ്ങിയവയെല്ലാം ഉണ്ടാകുന്നത് കോപത്തിൽ നിന്നാണ്. അപ്രകാരം തന്നെ ചിലപ്പോൾ ദ്വേഷവും അഹങ്കാരത്തിന്റേയും പൊങ്ങച്ചത്തിന്റേയും ഫലമായിരിക്കും. അഹങ്കാരം തുടങ്ങിയവ ഉണ്ടെങ്കിലും ദ്വേഷം ഉണ്ടാകാം. സ്വയം വലിയവനായി മനസ്സിലാക്കുമ്പോൾ ചെറിയവന്റെ മേൽ ദ്വേഷപ്പെടാൻ തുടങ്ങുന്നു.)

എന്തുകൊണ്ടെന്നാൽ മനുഷ്യൻ തനിക്ക് അപരന്റെ മേൽ പ്രാധാന്യം കല്പിക്കുമ്പോഴാണ് ദ്വേഷം ഉണ്ടാകുന്നത്. എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ചെറിയവരെന്നോ വലിയവരെന്നോ മനസ്സിലാക്കുന്നതും പരസ്പരം പൊങ്ങച്ചം കാണിക്കുന്നതും നിന്ദാദൃഷ്ടിയോടെ നോക്കുന്നതും ഞാനിഷ്ടപ്പെടുന്നില്ല. വലിയവനാരെന്നും ചെറിയവനാരെന്നും അല്ലാഹുവിന്നറിയാം. ഇത് ഒരു തരം നിന്ദ്യ

മായി കരുതലാണ്. ഈ നിന്ദാസ്വഭാവം ആരിലാണോ ഉള്ളത്, അത് ഒരു ബീജം പോലെ വളരുകയും അവന്റെ നാശത്തിനുതന്നെ കാരണമാകുകയും ചെയ്യുമോ എന്ന് ഭയക്കുന്നു. ചിലയാളുകൾ വെളിയിൽവെച്ച് വലിയ ആളുകളെ കണ്ടുമുട്ടുമ്പോൾ വലിയ മര്യാദയോടെ പെരുമാറുന്നു. എന്നാൽ, മിസ്കീൻ പറയുന്ന കാര്യങ്ങൾ താഴ്മയോടെ കേൾക്കുന്നവനാണ് വലിയവൻ. അവനെ സന്തോഷിപ്പിക്കണം. അവൻ പറയുന്ന കാര്യങ്ങളെ ആദരിക്കണം. വേദനിപ്പിക്കുന്ന വാക്കുകൾ മുകളിൽ കൊണ്ടുവരരുത്. അല്ലാഹു പറയുന്നു:

وَلَا تَنَابَزُوا بِالْأَلْقَابِ بِئْسَ الِاسْمُ الْفُسُوقُ بَعْدَ
الْإِيمَانِ وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ

(49:12)

നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കരുത്. ഇത് ആജ്ഞാലംഘകരുടെയും ദുർമാർഗ്ഗികളുടേയും പ്രവൃത്തിയാണ്. ആരാണോ ശുണ്ഠിപിടിപ്പിക്കുന്നത് അവൻ സ്വയം അതിലകപ്പെടാതെ മരിക്കുകയില്ല. നിങ്ങളുടെ സഹോദരങ്ങളെ നിന്ദ്യരായി കാണരുത്. എല്ലാവരും ഒരു അരുവിയിൽനിന്ന് തന്നെ വെള്ളം കുടിക്കുമ്പോൾ, കൂടുതൽ വെള്ളം കുടിക്കാൻ ഭാഗ്യമുണ്ടാകുന്നത് ആർക്കാണെന്ന് ആരാണറിയുന്നത്? ആദരണീയനും ബഹുമാന്യനുമൊന്നും ഭൗതിക നിയമങ്ങൾ കൊണ്ടുണ്ടാകുകയില്ല. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാണ് വലിയവൻ.

'*ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻഖബീർ.*'

"തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്."(49:14)

നബി(സ)യുടെ കാലടിപ്പാടുകളെ പിൻപറ്റിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച വിനയത്തിന്റെ ആ ഉന്നത നിലയെന്താണെന്ന് നമുക്കുനോക്കാം.

ഒരിക്കൽ മഗ്രിബ് നമസ്കാരത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് മുബാറക്കിന്റെ മുകൾഭാഗത്തിരിക്കുകയായിരുന്നു. ഭക്ഷണം കഴിക്കാനായി കുറച്ചാളുകൾ കൂടെ ഇരിപ്പുണ്ടായിരുന്നു. ലുധിയാനക്കാരനായ മിയാ നിസാമുദ്ദീൻ സാഹിബ് - അദ്ദേഹം അങ്ങേയറ്റം ദരിദ്രനായിരുന്നു, കീറിപ്പറിഞ്ഞ വസ്ത്രമാണ് അദ്ദേഹം ധരിച്ചിരുന്നത്, വളരെ ശോചനീയ സ്ഥിതിയിലായിരുന്നു - മസീഹ് മൗഊദ്(അ)ന്റെ അടുത്തുനിന്ന് 4,5 ആളുകൾക്ക് പിന്നിൽ ഇരിപ്പുണ്ടായിരുന്നു. അപ്പോൾ മറ്റുള്ളവരും വരാൻ തുടങ്ങി. (അവരിൽ ചിലർ പിന്നീട് ജമാഅത്തു വിട്ടുപോയവരുമാണ്) അവർ ഇരിക്കാൻ തുടങ്ങിയപ്പോൾ മിയാ നിസാമുദ്ദീൻ പിന്നോട്ടു പിന്നോട്ടു നീങ്ങി നീങ്ങി ചെരുപ്പുവയ്ക്കുന്നിടം വരെ എത്തി. അപ്പോൾ ഭക്ഷണം കൊണ്ടുവന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്പം കറിയും റൊട്ടിയുമെടുത്ത് മിയാൻ നിസാമുദ്ദീനെ വിളിച്ചുകൊണ്ട് നമുക്ക് ഉള്ളിലിരുന്ന് ഭക്ഷണം കഴിക്കാമെന്ന് പറഞ്ഞു. പള്ളിയോടു ചേർന്നുള്ള ചെറിയ മുറിയിലേക്ക് രണ്ടുപേരും കയറി. അവിടെ ഇരുന്ന് ഭക്ഷണം കഴിച്ചു. ആ നേരത്ത് അദ്ദേഹത്തെ പിന്നിലേക്ക് നീക്കിക്കൊണ്ടിരുന്നവരുടെ മുഖം കാണേണ്ടതുതന്നെയായിരുന്നുവെന്ന് നിവേദകനായ ഹസ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബ്(റ) പറയുന്നു.

പീറാ എന്നുപേരായ ഒരു സേവകനും ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിരുന്നു. തൊഴിലെടുത്തു ജീവിക്കുന്നയാളായിരുന്നു. മലമ്പ്രദേശത്തു നിന്നാണ് അദ്ദേഹം വന്നിരുന്നത്. തികച്ചും അജ്ഞനും ജട്ടുമായിരുന്നു. ഒരുപാട് തെറ്റുകൾ അദ്ദേഹത്തിൽ നിന്നുണ്ടായിട്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കലും അദ്ദേഹത്തോട് ദ്വേഷപ്പെട്ടിരുന്നില്ല. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പെട്ടെന്ന് സുഖമില്ലാതെയായി. ചൂടുകാലമായിരുന്നിട്ടും ക്ഷണത്തിൽ കൈകാലുകൾ തണുത്തു. മഗ്രിബ്നുശേഷം പള്ളിയുടെ മുകളിൽതന്നെ ഇരിക്കുകയായിരുന്നു. അവിടെ ഇരുന്നവർ എന്താണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് ആലോചിച്ചു. വിവരമറിഞ്ഞ് പീറായും വന്നു. അപ്പോൾ അദ്ദേഹം ചെളി ചവുട്ടി കുഴയ്ക്കുകയായിരുന്നു. അതേ അവസ്ഥയിൽ തന്നെ അദ്ദേഹം മുറിക്കുള്ളിലെത്തി. വിരിപ്പ് വിരിച്ചിട്ടുണ്ടെന്നോ, അതിൽ കാൽപാടുകൾ പതിയുന്നുണ്ടെന്നോ എന്നുള്ള വിചാരമൊന്നും അദ്ദേഹത്തിനില്ല. വന്നുടനെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലുകൾ അമർത്താൻ തുടങ്ങി. ആളുകൾ അദ്ദേഹത്തെ വഴക്കുപറയാൻ തുടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അദ്ദേഹത്തിന് എന്താണ് അറിയുക. ചെയ്യുന്നത് ചെയ്തോട്ടെ. അതിൽ കുഴപ്പമൊന്നുമില്ല.'

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പഴയകാല സേവകരിൽ ഒരാളായിരുന്നു ഹാമിദലി സാഹിബ് മർഹൂം. ദീർഘകാലം അദ്ദേഹം മസീഹ് മൗഊദ്(അ)ന് സേവനം ചെയ്തിരുന്നു. നിവേദകൻ പറയുന്നു, അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉൽകൃഷ്ട ഗുണങ്ങൾ സ്വാധീനം ചെലുത്തിയിരുന്നു. അതെത്രമാത്രമെന്നാൽ ഞാനൊരിക്കലും ഇത്തരമൊരാളെ കണ്ടിട്ടില്ലെന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നു; ഹസ്റത്ത് സാഹിബിനുശേഷവും എന്റെ ജീവിതത്തിൽ, ആ രീതിയിലുള്ള സ്വഭാവഗുണങ്ങളോടുകൂടിയ ഒരാളെ താൻ കണ്ടിട്ടില്ലെന്ന് പറയുമായിരുന്നു.

ഹാഫിസ് സാഹിബ് പറയുന്നു: എന്റെ ജീവിതത്തിലൊരിക്കലും ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്നോടു ദ്വേഷപ്പെട്ടിട്ടില്ല, കഠിനമായി സംസാരിച്ചി

ട്ടില്ല. ഞാൻ വലിയ മടിയനും, മസീഹ് മൗഊദ്(അ) പറയുന്ന കാര്യങ്ങൾ താമസിച്ച് നടപ്പിൽ വരുത്തുന്നവനുമായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നിട്ടും യാത്രയിൽ എന്നെ കൂടെ കൊണ്ടുപോകുമായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) വീടിനുവെളിയിൽ തന്റെ സുഹൃത്തുക്കളോടൊത്ത് ഭക്ഷണം കഴിക്കുന്ന അവസരത്തിൽ, ആരാണ് തന്റെയടുത്തിരിക്കുന്നതെന്ന് നോക്കാറില്ലായിരുന്നു. ആരെങ്കിലും അടുത്തിരുന്നാൽ അവരെ എഴുന്നേല്പിക്കുകയുമില്ലായിരുന്നു. വസ്ത്രം മുഷിഞ്ഞവനാണോ കീറിപ്പറിഞ്ഞ ഉടുപ്പുധരിച്ചവനാണോ സമ്പന്നനാണോ എന്നൊന്നും നോക്കാറില്ലായിരുന്നു. അവിടത്തെ തീൻ മേശയിൽ ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ളിടിത്തിരിക്കാമായിരുന്നു. ഖാക്കിശാഹ് എന്നു പേരായ ഒരാളുണ്ടായിരുന്നു. ഗ്രാമവാസിയായിരുന്നു. അക്കാലത്ത് അദ്ദേഹം അവിടെ ഉണ്ടായിരുന്നു. പറയുന്നു, ഭക്ഷണം കൊണ്ടുവരുന്നതു കണ്ടാൽ അയാൾ ആളുകളെ കവച്ചുവെച്ച് മുൻപന്തിയിൽവന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെയടുക്കൽ ഇരിക്കുമായിരുന്നു. സ്ഥലത്തിന് ഞെരുക്കമനുഭവപ്പെട്ടാൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഭാഗത്തേക്ക് നീങ്ങിയിരുന്ന് അയാൾക്ക് സ്ഥലം കൊടുക്കുമായിരുന്നു. അയാൾ ഒരു നിസ്സാരനായിരുന്നു. ഭൗതികമായ നിലയിൽ ഒരു വിലയുമില്ലാത്ത ആളായിരുന്നു.

മഹർ ഹാമിദ് എന്നയാൾ ഖാദിയാനിലെ പ്രജകളിൽപ്പെട്ടയാളായിരുന്നു. തന്റെ കുടുംബത്തിൽ ആദ്യം ബൈഅത്ത് ചെയ്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചത് ഇദ്ദേഹമായിരുന്നു. അദ്ദേഹത്തിന് സുഖമില്ലാതായി. തന്റെ ഡേരയിലായിരുന്നു അദ്ദേഹം കിടന്നിരുന്നത്. (ഏഷ്യാ, പാക്കിസ്ഥാൻ, ഹിന്ദുസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഒരുപാട് ഡേരകൾ ഉണ്ട്. ഇവിടെ ഇരിക്കുന്ന മിക്കവർക്കും അതറിയുന്നതാണ്. അവിടെ തന്നെയായിരിക്കും അവരുടെ വീടും തൊഴുത്തുമെല്ലാം. തൊഴുത്തിന്റെയൊക്കെ അഴുക്കും അവിടെതന്നെയുണ്ടാകും.) അദ്ദേഹം സുഖമില്ലാതായപ്പോൾ മസീഹ് മൗഊദ്(അ) വിവരമന്വേഷിക്കാൻ അവിടെ പോകുമായിരുന്നു. അവിടെ ഒരു ഭാഗത്ത് ചാണകവും മറ്റു മാലിന്യങ്ങളും കൂനയായി കിടക്കുമായിരുന്നു. അതിൽനിന്ന് ദുർഗന്ധം ഉണ്ടാകുമായിരുന്നു. മസീഹ് മൗഊദ്(അ) അങ്ങേയറ്റം ശുചിത്വം പാലിക്കുന്നയാളായിരുന്നു. എന്നിട്ടും, ദുർഗന്ധമുണ്ട് എന്ന സൂചന നല്കുന്ന ഒന്നും അവിടന്ന് പ്രകടിപ്പിച്ചിരുന്നില്ല. എന്നല്ല, മുടങ്ങാതെ സന്ദർശിക്കാൻ അവിടെ പോകുകയും ചെയ്തിരുന്നു. അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുമായിരുന്നു. ഒരുപാട് സമയം വരെ രോഗവിവരം ചോദിച്ചിരിക്കുമായിരുന്നു. മരുന്നുകൾ പറഞ്ഞു കൊടുക്കുമായിരുന്നു. ദുആ ചെയ്യാൻ പറയുമായിരുന്നു. അദ്ദേഹം ഒരു സാധാരണക്കാരനായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിന്റെ കൃഷികാര്യങ്ങൾ നോക്കിനടത്തുന്ന ആളുകളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. തന്റെ പ്രിയപ്പെട്ട സഹോദരൻ എന്ന നിലയിലായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ കാണാൻ പോയിരുന്നത്. നബി(സ)യെ പിൻപറ്റിക്കൊണ്ടുള്ള ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതൃക ഇതായിരുന്നു.

നബി(സ) തിരുമേനി ദുർബലരോടും നിസ്സഹായരോടും കാണിച്ച മാതൃകയിലൂടെ നടന്നുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇന്ന് ആ മാതൃക വീണ്ടും കാണിച്ചിരിക്കുന്നു. ഈ മാതൃകകൾ ഒരിക്കലും പഴയതായിപ്പോകുന്നതല്ല. ഇന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടാൻ ആഗ്രഹിക്കുന്നെങ്കിൽ, അവന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ, നബി(സ)യെ സ്നേഹിക്കുന്നു എന്ന വാദം സത്യമായി പുലർത്തി കാണിക്കണമെങ്കിൽ, ഈ മാതൃകയനുസരിച്ച് നടക്കേണ്ടിവരും. ഇന്ന് ഓരോ അഹ്മദിയുടെയും മറ്റു മുസ്ലിംകളെ അപേക്ഷിച്ച് കൂടുതൽ നിർബന്ധമായ കാര്യമാണ്, തങ്ങളുടെ ചുറ്റുപാടുകളിലുള്ള ദുർബലരേയും നിസ്സഹായരേയും കണ്ടെത്തുക എന്നത്. അവരോട് നല്ല നിലയിൽ പെരുമാറുക. നബി(സ)യെ സ്നേഹിക്കുന്നു എന്ന വാദം സത്യമായി പൂർത്തീകരിച്ചുകാണിക്കുക. അല്ലാഹു ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
17 - 12 - 2004
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

# അറിയിപ്പ്

## സത്യദൂതൻ പ്രചാരണ പക്ഷാചരണം

സത്യദൂതന് കൂടുതൽ പുതിയ വരിക്കാരെ ചേർക്കുവാനും, വരിസംഖ്യ പിരിക്കുന്നതിനുമായി 1/1/05 മുതൽ 15/1/05 വരെ സത്യദൂതൻ പക്ഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടി വിജയിപ്പിക്കണമെന്ന് എല്ലാ പ്രസിഡന്റുമാരോടും അപേക്ഷിക്കുന്നു. പിരിച്ച വരിസംഖ്യയും പുതിയ വരിക്കാരുടെ ലിസ്റ്റും ജനുവരി 31 നകം കോഴിക്കോട്ടേക്ക് അയച്ചുതരിക. പണം പിരിക്കുമ്പോൾ കേന്ദ്രത്തിന്റെ **Receipt Book** ഉപയോഗിക്കേണ്ടതാണ്.

അമീർ കേരള